പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:1566 — 03.10.2011 - ൽ മറുപടിക്ക്

## ഐസ് ക്രീം പാർലർ കേസന്വേഷണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ:<br>ശ്രീ. വി. ശശി:<br>ശ്രീ. കെ. അജിത്:<br>ശ്രീ. കെ. രാജു: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

(എ) ഐസ്ക്രീം പാർലർ പെൺവാണിഭ കേസ് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ പോലീസ് കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ; ഈ വെളിപ്പെടുത്തലുകളുമായി ബന്ധപ്പെട്ട് എത്ര പേരെ ഇതുവരെ ചോദ്യം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഏതെല്ലാം വകുപ്പുകൾ പ്രകാരം ഏത് പോലീസ് സ്റ്റേഷനാണ് കേസ് ചാർജ്ജ് ചെയ്തത്;

(എ) & (ബി) ഐസ്ക്രീം പാർലർ പെൺവാണിഭ കേസുമായി ബന്ധപ്പെട്ട് പുതിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ നടക്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 59/2011 u/s120(B), 109,193,214,465,468 r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണത്തിന്റെ ഭാഗമായി 80-ൽ പരം സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്. ഈ കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) ഈ കേസന്വേഷണം എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

(സി) സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.